ശ്രീ എസ്. വരദരാജൻ നായർ: ഗുണദോഷങ്ങൾ നിശ്ചയിക്കുന്നതു പലപ്പോഴും സബ്ജക്റ്റീവാണ്. നമ്മുടെ ആളുകൾ അന്യ സംസ്ഥാനങ്ങളിൽ പോയി സിനിമാപ്പടം പിടിക്കുന്നതു തടയുക എന്ന താണിതിന്റെ ഉദ്ദേശം. ഈ ഏർപ്പാട്, ഒരു പരിധി വരെ അതിനു പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. പടങ്ങളുടെ എണ്ണം കൂടിയപ്പോൾ ചിലവ സാംസ്ക്കാരികനിലവാരം പുലർത്തിയിട്ടില്ലെന്നുള്ള പരാതികൾ വന്നിട്ടുണ്ട്. നിലവാരം പുലർത്തണമെന്നും അതിനാവശ്യമായ നോംസ് ഉണ്ടാക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടിയാണ് നോംസ് നിശ്ചയിക്കുന്നതിനാവശ്യമായ നടപടി എടുത്തിട്ടുള്ളത്.

ശ്രീ എൻ. ഭാസ്ക്കരൻ നായർ: ചങ്ങനാശ്ശേരിയിലുള്ള ഒരു പ്രൊഡ്യൂസർ 'മാണി-കുറുപ്പ്-കോയ' എന്ന പേരിൽ ഒരു പുതിയ സിനിമ തയ്യാറാക്കിയിരിക്കുന്നു എന്നു കേൾക്കുന്നു. അതിനു സബ്സിഡി കൊടുത്തിട്ടുണ്ടോ?

ശ്രീ എസ്. വരദരാജൻ നായർ: കമ്പനികൾക്കു സാധാരണ സബ്സിഡി കൊടുക്കാറില്ല.

ശ്രീ സേവ്യർ അറയ്ക്കൽ: ഫിലിം അവാർഡുകൾ കൊടുക്കുന്നതിനെക്കുറിച്ചും പരാതികൾ ഉണ്ടായിട്ടുണ്ട്. ഗവൺമെൻറുദ്യോഗസ്ഥൻമാരെയാണ് നോംസ് നിശ്ചയിക്കാൻ ഏൽപ്പിച്ചിരിക്കുന്നതെന്നു പറഞ്ഞു. അതു പുനഃപരിശോധിച്ചുകൊണ്ട് ഓരോ വിഷയങ്ങളിലും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള നോൺ ഒഫീഷ്യൽസിനെക്കൂടി ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തി എന്നത്തേക്ക് ഇത് നടപ്പിലാകുമെന്നു പറയാമോ?

ശ്രീ എസ്. വരദരാജൻ നായർ: അവാർഡു കൊടുത്തതിനെ സംബന്ധിച്ച് ആക്ഷേപമുണ്ടെന്നു പറയുന്നതു് അത്ര വളരെ ശരിയല്ല. അഭിപ്രായ വ്യത്യാസങ്ങൾ കാണുമായിരിക്കും. എങ്കിലും മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ അവാർഡുകളുടെ കാര്യത്തിൽ പരാതികൾ വളരെ കുറവാണെന്നാണ് എന്റെ വിശ്വാസം. ഭാഗ്യവശാൽ മാർക്സിസ്റ്റു പാർട്ടിയുടെ മുഖപത്രമായ ദേശാഭിമാനി പോലും ഈ വർഷത്തെ അവാർഡു നിർണ്ണയം വളരെ ശരിയായിരുന്നു എന്നു മുഖപ്രസംഗമെഴുതിയിട്ടുണ്ട്. അതുകൊണ്ട്, അവാർഡു കൊടുത്തതു തെറ്റാണെന്നു പറയുന്നതു ശരിയല്ല. നോംസ് നിശ്ചയിക്കുന്നതിന് ഒരു നോൺ ഒഫീഷ്യൽ കമ്മിറ്റിയെ വയ്ക്കണമെന്നു പറഞ്ഞാൽ അതിലുണ്ടാകാവുന്ന കാലതാമസം നമുക്കെല്ലാമറിയാമല്ലോ. ഏപ്രിൽ മാസം 1-ാംതീയതിക്കു മുമ്പ് ഇതു സംബന്ധിച്ച തീരുമാനമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെത്തന്നെ നിയമിച്ചത്.

## സിലബസ് പരിഷ്കരണം സംബന്ധിച്ച നിവേദനങ്ങൾ

*316 [333] ശ്രീ കെ. പി. വിശ്വനാഥൻ:

ശ്രീ കെ. പി. നൂറുദ്ദീൻ:

ശ്രീ സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിലബസ് പരിഷ്കരണം സംബന്ധിച്ച് കെ.എസ്.യു. ഉൾപ്പെടെ കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾ, നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ് കോയ):

(എ) ഉണ്ട്.

(ബി) സിലബസ് പരിഷ്കരണം സംബന്ധിച്ച് വേണ്ട നടപടികളും അഡൈ്വസറി ബോർഡ് കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ കെ. പി. നൂറുദ്ദീൻ: സിലബസ് പരിഷ്കരണ നടപടികളും പൂർത്തിയാകുന്നതോടെ നമ്മുടെ നാട്ടിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി കൂടി പൂർത്തിയാക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ സി. എച്ച്. മുഹമ്മദ് കോയ: സിലബസ് അഡൈ്വസറി കമ്മിറ്റിക്കു പുറമേ കോത്താരിക്കമ്മീഷന്റെ ബേസിസിൽ ഈശ്വർഭായി പട്ടേൽ കമ്മിറ്റി എന്നൊരു കമ്മിറ്റി കൂടി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഈ വക കാര്യങ്ങളും പരിശോധിച്ചിരിക്കുകയാണ്. അവരുടെ പരിശോധനയ്ക്കു ശേഷം ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കാവുന്നതാണ്.

ശ്രീ സി. പി. ഗോവിന്ദൻ നമ്പ്യാർ: പ്രൈമറി വിഭാഗത്തിലെ പിഞ്ചുകുഞ്ഞുങ്ങൾക്കു പര്യാപ്തമല്ല ഇന്നത്തെ സിലബസ് എന്നുള്ള പല വിദഗ്ദ്ധൻമാരുടേയും അഭിപ്രായത്തെമാനിച്ച് വിദ്യാഭ്യാസ വിചക്ഷണൻമാരും മനശാസ്ത്രവിദഗ്ധൻമാരും അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് ഇവ നിശ്ചയിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: വിദഗ്ദ്ധൻമാർ തന്നെയാണ് ഈ സിലബസ് തയ്യാറാക്കിയിട്ടുള്ളത്. എൻ. സി. ഇ. ആർ. ടി.-യുടെ ഗൈഡ് ലൈൻസ് അനുസരിച്ചാണ് സിലബസ് തയ്യാറാക്കുന്നത്. അതിൽ മേൽപ്പറഞ്ഞ വിദഗ്ദ്ധൻമാരെല്ലാം ഉണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: എൻ. സി. ഇ. ആർ. ടി.-യുടെ സിലബസിനനുയോജ്യമായ സിലബസ്സല്ല കേരളത്തിലുള്ളത് എന്നുള്ളതുകൊണ്ടാണ് അഖിലേൻഡ്യാ പരീക്ഷകളിലും മറ്റും പങ്കെടുക്കുന്ന കേരളത്തിലെ വിദ്യാർത്ഥികളും വളരെ പുറകോട്ടു പോകുന്നത്. അതുകൊണ്ട് അതൊന്നു പരിശോധിച്ച് എൻ. സി. ഇ. ആർ. ടി.-യുടേതിനനുയോജ്യമാക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതിൽനിന്നും വളരെ വ്യത്യസ്തമൊന്നുമല്ല. സിലബസ് വളരെ ലഘൂകരിച്ചാൽ ഇവിടെയുള്ളവർക്ക് അഖിലേൻഡ്യാടിസ്ഥാനത്തിൽ ജോലി കിട്ടാനും പരീക്ഷയ്ക്കിരിക്കാനുമൊക്കെ വളരെ പ്രയാസമായിരിക്കും.

ശ്രീ. കെ. സുകുമാരനുണ്ണി: കേരളത്തിൽ പതിനഞ്ചു ലക്ഷത്തോളം ചെറുപ്പക്കാർ ഇന്നു തൊഴിലില്ലാതെ അലയുകയാണ്. പാഠ്യ പദ്ധതിയിലുള്ള കുഴപ്പം കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ഭാവി തലമുറയെ ഓർത്തെങ്കിലും ഇന്നത്തെ വിദ്യാഭ്യാസ പരിഷ്കരണത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: വർക്ക് എക്സ്പീരിയൻസിനു പ്രാധാന്യം കൊടുക്കാൻ സാധിക്കുന്നതാണ്, ഇപ്പോഴും കൊടുക്കുന്നുണ്ട്. തൊഴിൽ പരിശീലനമില്ലാത്തതുകൊണ്ടു മാത്രമാണ് തൊഴിൽ രാഹിത്യമുള്ളത് എന്നതു ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സിലബസ് പരിഷ്കരണത്തോടനുബന്ധിച്ച് ശാസ്ത്രവിഷയങ്ങളിൽ വളരെ കൂടുതൽ പോർഷൻ ഉൾപ്പെടുത്തുകയും താഴത്തെ ക്ലാസിൽ അഡ്വാൻസ്ഡ് പോർഷൻ ചേർക്കുകയും ചെയ്തു എങ്കിലും അതു പഠിപ്പിക്കാനാവശ്യമായ ഉപകരണങ്ങളോ സജ്ജീകരണങ്ങളോ വിജ്ഞാനമോ ഇല്ല എന്നുള്ള ഒരപകടം ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതും കൂടി ഇതോടൊപ്പം പരിഹരിക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഉപകരണങ്ങളില്ലെന്ന പോരായ്മ നമ്മുടെ സ്കൂളുകളെ സംബന്ധിച്ചിടത്തോളം വളരെയധികം ഉണ്ട്. അതുകൊണ്ട് സിലബസ് ലഘൂകരിക്കുന്നതു ശരിയായിയിരിക്കുകയില്ല.

ശ്രീ. പി. സി. ജോസഫ്: സിലബസ് പരിഷ്കരണത്തെപ്പറ്റി വിവിധ വിദ്യാർത്ഥി സംഘടനകളും നിവേദനം തന്നിട്ടുണ്ടെന്നു പറഞ്ഞു. ഇതിൻമേൽ അവസാന തീരുമാനമെടുക്കുന്നതിനു മുമ്പായി വിവിധ വിദ്യാർത്ഥി സംഘടനാപ്രതിനിധികളെക്കൂടി വിളിച്ച് അവർ പറയുന്ന ന്യായമായ കാര്യങ്ങളും കൂടി പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: വിദ്യാർത്ഥി സംഘടനകളുടെ നിവേദനങ്ങളും പരിശോധിക്കുന്നതായിരിക്കും.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോഴത്തെ നിലവിലുള്ള സിലബസ് എന്നു മുതലാണ് നടപ്പിലാക്കിയത്? മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടിട്ടുള്ളവരിൽ ഈ സിലബസ് അനുസരിച്ചു പഠിക്കേണ്ട വിദ്യാർത്ഥികളുടെ സംഘടനകളും ഒഴിച്ച് പഠിപ്പിക്കേണ്ട അദ്ധ്യാപകരുണ്ടോ? ആ അദ്ധ്യാപകർ ആരെങ്കിലും വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ? വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുടെ വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: വിദ്യാഭ്യാസ വിദഗ്ദ്ധൻമാരും പഠിപ്പിക്കേണ്ട അദ്ധ്യാപകരും അദ്ധ്യാപക നേതാക്കൻമാരും എല്ലാം കൂടിത്തന്നെയാണ് സിലബസ് അഡ്വൈസറി കമ്മിറ്റിയിലുള്ളത്. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുമ്പ് സിലബസ് വളരെ ഭാരമുള്ളതാണെന്ന് ഒരഭിപ്രായം വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നു വരികയുണ്ടായി. അതനുസരിച്ച് ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിക്കുകയും ആ കമ്മിറ്റി സിലബസ് ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതിനെ സംബന്ധിച്ചു മനസ്സിലാക്കേണ്ടത്, വല്ലാതെ ലഘൂകരിച്ചു കൊടുക്കുമ്പോൾ അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള സിലബസ്സിനേക്കാൾ താഴെ പോകുകയാണെങ്കിൽ നമുക്കു മറ്റു സ്കൂളുകളിൽ അഡ്മിഷൻ കിട്ടുന്നതിനോ, അഖിലേൻഡ്യാ പരീക്ഷകൾക്കു പോകുന്നതിനോ സൗകര്യമില്ലാത്ത വിധത്തിൽ എസ്. എസ്. എൽ. സി. സ്റ്റാൻഡേർഡ് വളരെ കുറഞ്ഞു എന്ന നിഗമനം ഉണ്ടായിത്തീരും. അതു കൂടി സൂക്ഷിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബാലൻ: ഇന്നു നിലവിലുള്ള സിലബസ് തന്നെ വേണ്ട വിധത്തിൽ പഠിപ്പിക്കുന്നതിനു പല അദ്ധ്യാപകരും അപ്രാപ്തരാണെന്നും കഴിവില്ലാത്തവരാണെന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അദ്ധ്യാപകർക്ക് ഇന്നത്തെ സിലബസ് പഠിപ്പിക്കാനാവശ്യമായ പരിശീലനം നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അദ്ധ്യാപകർ തീരെ കഴിവില്ലാത്തവരാണെന്നുള്ള പൊതുവായ പ്രസ്താവന ശരിയാണെന്ന് എനിക്കഭിപ്രായമില്ല. പക്ഷേ അദ്ധ്യാപകർക്കു വേണ്ട റീഓറിയെന്റേഷൻ കോഴ്സ് കൊടുക്കാൻ ഗവൺമെന്റിന് ഏർപ്പാടുകളും ഉണ്ട്.

ശ്രീ.വി. ജെ. ജോസഫ്: ഒന്നാം ക്ലാസിൽ, പഠിച്ചാലുമില്ലെങ്കിലും ക്ലാസിലിരുന്നാൽ പാസാക്കി വിടണമെന്നും രണ്ടാം ക്ലാസിൽ 95 ശതമാനത്തേയും മൂന്നാം ക്ലാസിൽ 90 ശതമാനത്തേയും എങ്കിലും നിർബന്ധമായും പാസാക്കിയിരിക്കണമെന്നും ഉള്ള നിർദ്ദേശം സിലബസ് അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണോ? ഇതു മൂലം വിദ്യാഭ്യാസരംഗത്തു നിലവാരം താണു പോയിട്ടുണ്ടെന്നുള്ളതു പരിഗണിച്ച് ഇതൊന്നവസാനിപ്പിക്കുന്നതിനും, പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം വിജയിപ്പിക്കുന്നതിനും നിർദ്ദേശിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: കുട്ടികളെ തോൽപ്പിച്ചു നിലവാരം വർദ്ധിപ്പിക്കണമെന്ന അഭിപ്രായത്തോടു ഗവൺമെന്റിനു യോജിപ്പില്ല. ഡ്രോപ്പ് ഔട്ട്സ് ഉണ്ടാകാതിരിക്കാൻ വീക്ക് ആയിട്ടുള്ള കുട്ടികൾക്കു പ്രത്യേകം ക്ലാസ് ഏർപ്പെടുത്തി കൊടുത്ത് എല്ലാവരേയും പാസാക്കണം എന്ന സമ്പ്രദായം പല പരിഷ്കൃത രാജ്യങ്ങളിലും നടപ്പുള്ളതാണ്.

ശ്രീ. എ. പി. കുര്യൻ: സിലബസ് പരിഷ്കരണത്തിന്റെ കൂട്ടത്തിൽ പാഠപുസ്തകങ്ങളിൽ ദിവംഗതനായ ശ്രീ. എ. കെ. ജി. യുടെ ജീവചരിത്രം കൂടി ഉൾപ്പെടുത്തണമെന്നു പല വിദ്യാർത്ഥി സംഘടനകളും ആവശ്യപ്പെട്ടതിനെ സംബന്ധിച്ച് പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന കമ്മിറ്റി എന്തെങ്കിലും ശുപാർശ സമർപ്പിക്കാൻ തയ്യാറായിട്ടുണ്ടോ? അതിനെക്കുറിച്ചു പരിഗണിക്കുമോ?

ശ്രീ.സി. എച്ച്. മുഹമ്മദ് കോയ: ഗവൺമെന്റ് അതിനെക്കുറിച്ചു തീരുമാനമൊന്നും എടുത്തിട്ടില്ല. അങ്ങനെ പല നിർദ്ദേശങ്ങളുമുണ്ട്. മൗലാനാ മുഹമ്മദ് അലിയുടെ ജീവചരിത്രം വേണമെന്നുണ്ട്. എ. കെ. ജി. യുടെ ജീവചരിത്രം വേണമെന്നുണ്ട്; വേറെ പല നിർദ്ദേശങ്ങളും ഉണ്ട്. ആ നിർദ്ദേശങ്ങളെല്ലാം പാഠപുസ്തക കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി സിലബസ് പരിഷ്കരണം സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു സിലബസ് പരിഷ്കരണ കമ്മിറ്റി ഏർപ്പെടുത്തിയെന്നു പറഞ്ഞിട്ടും ഇന്നുവരെ അതിന്റെ റിപ്പോർട്ട് പുറത്തു വന്നിട്ടില്ലെന്നും സിലബസ് പരിഷ്കരിക്കാത്തതുകൊണ്ടാണ് ഇന്നു വിദ്യാഭ്യാസത്തിനു പന്തികേടു വന്നിരിക്കുന്നതെന്നും ഉള്ള അഭിപ്രായത്തെ മാനിച്ചു കൊണ്ട് സിലബസ് പരിഷ്കരണം ഈ കാലഘട്ടത്തിന്റെ ആവശ്യം ഉൾക്കൊണ്ടുകൊണ്ട് പുനഃപരിശോധിക്കാൻ ഗവൺമെന്റു തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ പറഞ്ഞത് ഒന്നും ശരിയല്ല സർ. സിലബസ് പല തവണയായിട്ടു പരിഷ്കരിച്ചിട്ടുണ്ട്. ഇപ്പോഴും ഒരു സിലബസ് അഡൈസറി കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു കൊല്ലങ്ങൾക്കു മുമ്പും സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: പാഠപുസ്തകങ്ങൾ പുതിയ ലിപിയിൽ അച്ചടിച്ചു വിതരണം ചെയ്യുകയും അതേ സമയം പരീക്ഷ പഴയ ലിപിയിൽ എഴുതണമെന്നു നിർബന്ധിക്കുകയും ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കുമോ?

ശ്രീ.സി. എച്ച്. മുഹമ്മദ് കോയ: അങ്ങനെയുള്ള നിർബന്ധമില്ല. പഴയ ലിപി കൂടി പഠിപ്പിക്കുന്നുണ്ടാവും. ഇംഗ്ലീഷിൽ അച്ചടിക്കാൻ ലിപി വേറെ വേണ്ടേ സർ?

ശ്രീ. കെ. എ. മാത്യു: കഴിഞ്ഞ കുറെ വർഷങ്ങളായിട്ട് മാനദണ്ഡം ഇടിഞ്ഞു പോയി എന്നുള്ള മുറവിളി ഒരു ഭാഗത്തു നടക്കുമ്പോൾ അതിനെ ഒന്നു മാറ്റുന്നതിനു വേണ്ടി സിലബസ് വളരെക്കൂടുതൽ കടുപ്പമുള്ളതാക്കിത്തീർക്കാൻ ശ്രമിക്കുകയും അതു കാരണം ഇന്നു വിദ്യാർത്ഥികൾക്കു അവരുടെ മാനസികമായ വളർച്ചയ്ക്ക് അതീതമായ ഒരു സിലബസ് ലഭിക്കുകയും ചെയ്തിരിക്കുന്നതു കണക്കിലെടുത്തുകൊണ്ട്, സിലബസ് പരിഷ്കരണത്തിനു മുന്നോട്ടു വരുമ്പോൾ, കമ്മിറ്റികൾക്കു രൂപം കൊടുക്കുമ്പോൾ, മനശ്ശാസ്ത്ര വിദഗ്ദ്ധൻമാരെക്കൂടി ആ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ.സി. എച്ച്. മുഹമ്മദ് കോയ: ഒന്നാമത് മാനദണ്ഡം ഇടിഞ്ഞുവെന്നു പറയുന്നതു തന്നെ ശരിയല്ല. എൻമാസ്സ് ആയിട്ടുള്ള വിദ്യാഭ്യാസം നൽകുമ്പോൾ ഭൂരിപക്ഷം ആളുകൾക്ക് വിദ്യാഭ്യാസം നൽകുകയും സ്പെഷ്യലൈസേഷൻ വേറെ കൊടുക്കുകയും ആണ് ചെയ്യുന്നത്. ജനങ്ങൾക്കു ഒന്നായിട്ടു വിദ്യാഭ്യാസം നൽകാനുള്ള ഒരു സമ്പ്രദായം വരുമ്പോൾ ആ മാനദണ്ഡത്തിൽ ഒരു ഇടിവ് ആ നിലയിൽ ഉണ്ടാകും. സിലബസ് പരിഷ്കരണ കമ്മിറ്റിയിൽ മനശ്ശാസ്ത്രംകൂടി അറിയുന്ന അദ്ധ്യാപകരാണുള്ളത്. മനശ്ശാസ്ത്രവിദഗ്ദ്ധൻമാർ വേണമെന്നില്ല, അദ്ധ്യാപകർക്കു മനശ്ശാസ്ത്രം പഠിപ്പിക്കാനുള്ള ഏർപ്പാടുകൾ ഉണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ദേശീയ തലത്തിലുള്ള മൽസര പരീക്ഷകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗങ്ങളിലുമൊക്കെ വിദ്യാർത്ഥികൾക്കു മൽസരിച്ചു കടന്നു ചെല്ലാൻ തക്കരീതിയിൽ സിലബസ് തയ്യാറാക്കാൻ ശ്രദ്ധിക്കുമോ? സിലബസ്സിൽ വെള്ളം ചേർത്തു വെള്ളം ചേർത്ത്.....

ശ്രീ. സി.എച്ച്. മുഹമ്മദ് കോയ: നല്ല നിർദ്ദേശമാണു സർ.

ശ്രീ. എ. വി. താമരാക്ഷൻ: പല അവസരങ്ങളിലും സിലബസ് പരിഷ്കരണം നടപ്പിലാക്കിയതിനു ശേഷമാണ് അദ്ധ്യാപകർക്കു റിഓറിയെൻറേഷൻ കോഴ്സ് ഏർപ്പെടുത്തുന്നത് എന്നുള്ളതുകൊണ്ട് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരുപോലെ ഗുണകരമല്ലാതായിത്തീരുന്നു. ഈ സാഹചര്യ ഒഴിവാക്കുന്നതിനുവേണ്ടി, സിലബസ് പരിഷ്കരിക്കുന്നതിനു മുമ്പായിട്ട് എല്ലാ അദ്ധ്യാപകർക്കും റീ ഓറിയെൻറേഷൻ കോഴ്സ് ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻറ് ദയവായി പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സിലബസ് തയ്യാറാക്കിയ ശേഷമേ റീ ഓറിയെന്റേഷൻ കോഴ്സ് കൊടുക്കേണ്ടതുള്ളൂ എന്നാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബുദ്ധിമുട്ട് അതുകൊണ്ട് ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, കാലഘട്ടത്തിന് അനുയോജ്യമായി ഒരു പുതിയ വിദ്യാഭ്യാസ നയം ഉരുത്തിരിച്ചുകൊണ്ട് അതിന് അനുയോജ്യമായ രീതിയിലാണോ സിലബസ് പരിഷ്കരിക്കുന്നത് അതോ ഇന്നുള്ള നയത്തിന് അനുയോജ്യമായ രീതിയിൽ ഒരു മാറ്റം മാത്രം നടത്തിയിട്ടാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സർ, നമുക്ക് ഒരു ദേശീയ വിദ്യാഭ്യാസ നയമുണ്ട്. അതിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് സിലബസ് പരിഷ്കരിക്കുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: സിലബസ്സിന്റെ കുഴപ്പമല്ല അതനുസരിച്ചു പഠിപ്പിക്കേണ്ട അദ്ധ്യാപകരിൽ ഏറിയ കൂറും അതനുസരിച്ചു പഠിപ്പിക്കാൻ കഴിവില്ലാത്തവരാണെന്നുള്ളതാണു വിഷയമെന്നും അതിനു വേണ്ട പരിഹാര മാർഗ്ഗങ്ങളാണ് തേടേണ്ടതെന്നും പറഞ്ഞാൽ ഗവൺമെന്റ് അനുകൂലിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതാണ് റീ ഓറിയെന്റേഷൻ കോഴ്സിനെപ്പറ്റി പറഞ്ഞത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ സംസ്ഥാനത്തിലും ഇൻഡ്യയൊട്ടാകെ ദേശീയ നിലവാരത്തിലും ജീവിച്ചിരുന്നിട്ടുള്ള പ്രഗൽഭൻമാരായ നേതാക്കൻമാരുടേയും രാജ്യ തന്ത്രജ്ഞൻമാരുടേയും ജീവചരിത്രങ്ങൾ പഠിപ്പിക്കുന്നുണ്ട്. കേരളത്തിലും ജീവിച്ചിരുന്നിട്ടുള്ള മഹാൻമാരായ ആളുകളുടെ ജീവചരിത്രം ഒരു പോളിസി എന്ന നിലയിൽ നമ്മുടെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു ഗവൺമെന്റിന് എന്താണ് ബുദ്ധിമുട്ട്; അതിനെക്കുറിച്ചാലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മറ്റു സംസ്ഥാനങ്ങളിൽ മഹാൻമാരുടെ ജീവചരിത്രം പഠിപ്പിക്കുന്നുണ്ടോ എന്നു നോക്കിയിട്ടില്ല. ദേശീയാടിസ്ഥാനത്തിലുള്ള മഹാൻമാരുടെ ജീവചരിത്രമാണ് പഠിപ്പിക്കാറ്.

## സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ്

*317 [334] ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെപ്പറ്റി റിപ്പോർട്ടു ചെയ്യാൻ നിയുക്തമായ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) എങ്കിൽ റിപ്പോർട്ടിൽ എല്ലാ കമ്മിറ്റി മെമ്പർമാരും എല്ലാ പേജിലും ഒപ്പിട്ടിട്ടുണ്ടോ;

(സി) റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly